# KERALA POLICE INFORMATION CENTRE

No.39/PR/PIC/PHQ/10 Date : 30/06/10

## ഇന്ത്യാ റിസർവ് ബറ്റാലിയൻ: പരിശീലകർക്ക് അധിക വേതനം

ഇന്ത്യാ റിസർവ് ബറ്റാലിയനിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട പോലീസ് സേനാംഗങ്ങളെ പരിശീലിപ്പിയ്ക്കുന്നതിനായി പരിചയസമ്പന്നരായ പരിശീലകരെ ആവശ്യം ഉണ്ട്. മലപ്പുറം ജില്ലയിൽ പാണ്ടിക്കാടുള്ള പോലീസ് ക്യാമ്പിലായിരിക്കും പരിശീലനം. പരിശീലകരായി ജോലി ചെയ്യാൻ താൽപര്യമുള്ള കേരളാപോലീസ് സേനാംഗങ്ങൾക്ക് രണ്ട് ഇൻക്രിമെന്റിന് തുല്യമായ തുക അധിക വേതനമായി നൽകാൻ ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്.

ഒഴിവുള്ള താഴെപ്പറയുന്ന തസ്തികകളിലേയ്ക്ക് താൽപര്യമുള്ളവർ 10-07-2010 ന് മുമ്പായി തങ്ങളുടെ യൂണിറ്റ് മേലധികാരി മുഖേന **കമാണ്ടന്റ്, ഇന്ത്യാ റിസർവ് ബറ്റാലിയൻ, പോലീസ് ആസ്ഥാനം, തിരുവനന്തപുരം** എന്ന മേൽവിലാസത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

| | | |
|---|---|---|
| DC | - | 3 |
| DySP/AC | - | 7 |
| CI/RI/API | - | 7 |
| SI/RSI/APSI | - | 23 |
| ASI/RASI/APASI | - | 18 |
| HC/Havildar | - | 160 |

കേന്ദ്ര അർദ്ധസൈനിക വിഭാഗങ്ങളായ CRPF, BSF, ITBP, CISF, SPG, NSG മുതലായ സേനാവിഭാഗങ്ങളിൽ ജോലി ചെയ്യുന്ന മേൽപ്പറഞ്ഞ തസ്തികയിൽപ്പെട്ട പരിചയസമ്പന്നരായ സേനാംഗങ്ങൾക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പരിശീലകരായി പ്രവർത്തിയെടുക്കുന്നതിന് അപേക്ഷിയ്ക്കാവുന്നതാണ്. പരിശീലകരായി നിയമിക്കപ്പെടുന്ന കാലയളവിൽ അവരുടെ നിലവിലുള്ള സേവന വേതന വ്യവസ്ഥകൾ സംരക്ഷിക്കപ്പെടുന്നതാണ്.

The contents of this document may be deemed to be based on received information which is subject to further verification